प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in

ई-मेल/ ഇമെയിൽ : helpdoc@rbi.org.in

संचार विभाग, केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
ആശയവിനിമയ വകുപ്പ്, കേന്ദ്ര ഓഫീസ് , ഷാഹിദ് ഭഗത് സിംഗ് മാർഗ്, ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ : 022 - 2266 0502

നവംബർ 23, 2023

# റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഗുജറാത്ത്, അഹമ്മദാബാദിലെ ശ്രീ മഹിളാ സേവാ സഹകാരി ബാങ്ക് ലിമിറ്റഡിനു ലിമിറ്റഡിനു മേൽ പണപ്പിഴ ചുമത്തി

പ്രൈമറി അർബൻ കോ ഓപ്പറേറ്റീവ് ബാങ്കുകൾ മറ്റ് ബാങ്കുകളിൽ പണം നിക്ഷേപിക്കുക (യു.സി.ബികൾ), റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (സഹകരണ ബാങ്കുകൾ - നിക്ഷേപങ്ങൾക്കുള്ള പലിശ) നിർദ്ദേശങ്ങൾ 2016 എന്നീ വസ്തുതകളിൽറിസർവ് ബാങ്കിന്റെ മാർഗ്ഗരേഖകൾ പാലിക്കാത്തതിന് 2023 ഒക്ടോബർ 25 ലെ ഉത്തരവു പ്രകാരം ഗുജറാത്ത്, അഹമ്മദാബാദിലെ ശ്രീ മഹിളാ സേവാ സഹകാരി ബാങ്ക് ലിമിറ്റഡിനു (ബാങ്ക്) മേൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ.ബി.ഐ), 2,50,000/- രൂപ (രണ്ടു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) പിഴ ചുമത്തി. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 47 എ (1) സി, എന്നിവയ്ക്കൊപ്പം സെക്ഷൻ 46 (4) (i), 56 വകുപ്പുകൾ പ്രകാരം ആർ. ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

ഈ നടപടി ആർ ബി ഐ നിയന്ത്രണങ്ങൾ പാലിക്കുന്നതിലെ വീഴ്ച കണക്കിലെടുത്തു മാത്രമാണ്, അല്ലാതെ ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി/ഇടപാടുകാരുമായി നടത്തിയിട്ടുള്ള ഇടപാടുകളുടെയോ ഉടമ്പടികളുടെയോ സാധുതയെക്കുറിച്ചുള്ളതല്ല.

**പശ്ചാത്തലം**

2022 മാർച്ച് 31 വരെയുള്ള ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കി ആർബിഐ നടത്തിയ നിയമപരമായ പരിശോധനയിലും, ഇൻസ്പെക്ഷൻ റിപ്പോർട്ട്, റിസ്ക് അസസ്മെന്റ് റിപ്പോർട്ട്, അതുമായി ബന്ധപ്പെട്ട എഴുത്തുകുത്തുകൾ (കത്തിടപാടുകൾ) എന്നിവയുടെ പരിശോധനയിലും, മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ (i) പ്രുഡൻഷ്യൽ ഇന്റർ-ബാങ്ക് കൗണ്ടർപാർട്ടി എക്സ്പോഷർ പരിധി ലംഘിച്ചു, (ii) കാലാവധി പൂർത്തിയായിട്ടും അവകാശികളെത്താത്ത നിക്ഷേപങ്ങൾക്ക് കാലാവധിക്കു ശേഷം ബാങ്കിൽ നിക്ഷിപ്തമായിരുന്ന കാലയളവിൽ അർഹമായ പലിശ നൽകിയില്ല (iii) ഞായറാഴ്ചകളിൽ/അവധി ദിവസങ്ങളിൽ/ബാങ്കിടപാടുകളില്ലാത്ത പ്രവൃത്തി ദിവസങ്ങളിൽ കാലാവധി പൂർത്തിയാക്കിയ ദീർഘകാല നിക്ഷേപങ്ങൾ തൊട്ടടുത്ത ദിവസം പിൻവലിക്കുമ്പോൾ, പ്രസ്തുത അവധി ദിവസങ്ങളിലെ പലിശ

നൽകിയില്ല എന്ന് വെളിപ്പെട്ടു. അതിനനുസരിച്ച്, നിർദ്ദേശങ്ങൾ അതിൽ പറഞ്ഞിരിക്കുന്നതുപോലെ പാലിക്കുന്നതിൽ പരാജയപ്പെട്ടതിന് പിഴ ചുമത്താതിരിക്കുവാനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് ബാങ്കിന് ഒരു നോട്ടീസ് നൽകുകയുണ്ടായി.

നോട്ടീസിനുള്ള ബാങ്കിന്റെ മറുപടിയും വ്യക്തിപരമായ ഹിയറിംഗിനിടെ നൽകിയ വാക്കാലുള്ള സമർപ്പണങ്ങളും പരിഗണിച്ചതിന് ശേഷം, മുൻപറഞ്ഞ ആർ.ബി.ഐ നിർദ്ദേശങ്ങൾ പാലിക്കാത്തതായുള്ള ആരോപണം നിലനിൽക്കുന്നതാണെന്നും പണപ്പിഴ ചുമത്തേണ്ടതുണ്ടെന്നും ആർ.ബിഐ നിഗമനത്തിലെത്തി.

**(യോഗേഷ് ദയാൽ)**

**പത്രക്കുറിപ്പ്: 2023-2024/1341** ചീഫ് ജനറൽ മാനേജർ